REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-05-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഓപ്പറേഷൻ സിന്ദൂർ പാകിസ്ഥാൻ ഭീകരതയ്ക്കെതിരായ മറുപടിയാണെന്ന് വിദേശ കാര്യ സെക്രട്ടറി വിക്രം മിസ്രി.**
- **പഹൽഗാം ഭീകരാക്രമണത്തിൽ മരിച്ചവർക്ക് നീതി ഉറപ്പാക്കുകയായിരുന്നു ഓപ്പറേഷൻ സിന്ദൂറിന്റെ ലക്ഷ്യമെന്ന് കേണൽ സോഫിയ ഖുറേഷിയും വിംഗ് കമാൻഡർ വ്യോമിക സിംഗും.**
- **ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂർ സർജ്ജിക്കൽ സ്ട്രൈക്കിനെ പ്രതിപക്ഷം സ്വാഗതം ചെയ്തു.**
- **കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശ പ്രകാരം രാജ്യത്ത് ഇന്ന് സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ സംഘടിപ്പിക്കും.**
- **IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂർ പാകിസ്ഥാൻ ഭീകരതയ്ക്കെതിരായ മറുപടിയാണെന്ന് വിദേശ കാര്യ സെക്രട്ടറി വിക്രം മിസ്രി ന്യൂഡൽഹിയിൽ വ്യക്തമാക്കി. പഹൽഗാം ഭീകരാക്രമണത്തിന് തക്ക തിരിച്ചടിയാണ് ഇന്ത്യ നൽകിയതെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അറിയിച്ചു. ആക്രമണത്തിൽ പാകിസ്ഥാന്റെ പങ്ക് വ്യക്തമാണ്. അതിന് തെളിവുകൾ ഇന്ത്യയുടെ കൈവശമുണ്ട്. പാകിസ്ഥാൻ ഭീകരവാദികളുടെ സ്വർഗമാണെന്ന് അന്താരാഷ്ട്ര സമൂഹത്തിന് അറിയാമെന്നും മിസ്രി അഭിപ്രായപ്പെട്ടു. ഭീകരാക്രമണം

നടത്തിയവർക്കെതിരെ രണ്ടാഴ്ചയ്ക്ക് ശേഷവും പാക് നടപടിയുണ്ടായില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

ഏപ്രിൽ 22ലെ ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവരേയും ഗൂഢാലോചനക്കാരെയും നീതിയ്ക്ക് മുന്നിൽ കൊണ്ടുവരുമെന്ന നിലപാട് കേന്ദ്രം ഇതിനകം വ്യക്തമാക്കിയിട്ടുണ്ടെന്നും മിസ്രി അറിയിച്ചു. ഇന്ത്യയിൽ മതസ്പർദ്ധയുണ്ടാക്കാനാണ് പാകിസ്ഥാൻ ശ്രമിക്കുന്നത്. ഭീകരരെ നിയന്ത്രിക്കാനോ അതിർത്തിക്കിപ്പുറത്തേക്ക് നടത്തുന്ന ആക്രമണങ്ങൾ തടയാനോ അവർ തയ്യാറാകുന്നില്ലെന്നും മിസ്രി കുറ്റപ്പെടുത്തി.

പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് നീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓപ്പറേഷൻ സിന്ദൂർ നടത്തിയതെന്ന് ഇന്ത്യൻ കരസേനയിലെ കേണൽ സോഫിയ ഖുറേഷിയും ഇന്ത്യൻ വ്യോമസേനയിലെ വിംഗ് കമാൻഡർ വ്യോമിക സിംഗും മാധ്യമങ്ങളോട് വ്യക്തമാക്കി. ഇന്നലെ രാത്രി 1.05 നും 1.30 നും ഇടയിൽ നടന്ന ഓപ്പറേഷനിൽ ഒൻപത് ഭീകര കേന്ദ്രങ്ങൾ തകർത്തതായും ഇരുവരും അറിയിച്ചു.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി പാകിസ്ഥാൻ ഭീകരവാദത്തിന് റിക്രൂട്ട്മെന്റ് കേന്ദ്രങ്ങളും ആശയ പ്രചാരണ കേന്ദ്രങ്ങളും, പരിശീലന സ്ഥലങ്ങളും, വിക്ഷേപണ താവളങ്ങളും ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുകയാണെന്ന് അവർ ആരോപിച്ചു. സൈനിക, സിവിലിയൻ കേന്ദ്രങ്ങളെ ലക്ഷ്യമിടാതെ, അതീവ കൃത്യതയോടെ ഓപ്പറേഷൻ സിന്ദൂർ നടപ്പാക്കിയത് എങ്ങനെയെന്നും കേണൽ സോഫിയ ഖുറേഷിയും വ്യോമിക സിംഗും വിശദീകരിച്ചു.

കോട്ലി അബ്ബാസ്, ബഹവൽപൂർ,, മെഹ്മൂന ജോയ, സർജ്ജൽ, മർകസ് തൈബ മുരിദ്കെ എന്നിവിടങ്ങളിലെ ഭീകരക്യാമ്പുകൾ വ്യോമാക്രമണത്തിൽ തകർത്തതായി അവർ അറിയിച്ചു. ആക്രമണത്തിന്റെ ഉപഗ്രഹ ചിത്രങ്ങളും അവർ പങ്കുവെച്ചു.

ഇന്ത്യക്ക് നേരെ ഇതിന് മുമ്പുണ്ടായ ഭീകരാക്രമണങ്ങളുടെ വീഡിയോയും മരണപ്പെട്ടവരുടെ വിശദാംശങ്ങളും പ്രദർശിപ്പിച്ച ശേഷമായിരുന്നു ഓപ്പറേഷൻ സിന്ദൂറിന്റെ വിശദാംശങ്ങൾ അവർ വെളിപ്പെടുത്തിയത്.

✪✪✪

പഹൽഗാമിൽ 26 പേരുടെ ജീവനെടുത്ത പാക് ഭീകരാക്രമണത്തിന് ഇന്നലെ അർദ്ധരാത്രിയോടെയാണ് ഇന്ത്യ ശക്തമായ തിരിച്ചടി നൽകിയത്. ഓപ്പറേഷൻ സിന്ദൂർ എന്ന സൈനിക നടപടിയിൽ പാക്കിസ്ഥാനിലെ ഒൻപത് ഭീകര കേന്ദ്രങ്ങൾ ഇന്ത്യ തകത്തു.

പാകിസ്ഥാൻ വ്യോമാതിർത്തി ലംഘിക്കാതെ ഭീകരരുടെ കേന്ദ്രങ്ങൾ ലക്ഷ്യമിട്ടായിരുന്നു ആക്രമണം. ഇന്ത്യക്കെതിരായ ആക്രമണങ്ങൾ ആസൂത്രണം ചെയ്യുകയും നയിക്കുകയും ചെയ്ത ഭീകരരുടെ കേന്ദ്രങ്ങളിലാണ് ഓപ്പറേഷൻ നടത്തിയത്.

പാകിസ്ഥാന്റെ സൈനിക സ്ഥാപനങ്ങളൊന്നും ഇന്ത്യ ലക്ഷ്യമിട്ടിട്ടില്ലെന്ന് രാജ്യരക്ഷാ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ലക്ഷ്യസ്ഥാനങ്ങൾ തിരഞ്ഞെടുക്കുന്നതിലും ആക്രമണം നടത്തുന്ന രീതിയിലും ഇന്ത്യ വലിയ സംയമനം പാലിച്ചിട്ടുണ്ടെന്നും പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് നടപടികളെന്നും രാജ്യരക്ഷാ മന്ത്രാലയം വ്യക്തമാക്കി.

✪✪✪

ഇന്ത്യൻ സൈന്യത്തിന്റെ ഓപ്പറേഷൻ സിന്ദൂറിനെ  ആഭ്യന്തര മന്ത്രി അമിത് ഷാ പ്രകീർത്തിച്ചു.

പഹൽഗാമിൽ ഏപ്രിൽ 22ന് നിരപരാധികളെ മൃഗീയമായി വധിച്ച സംഭവത്തോട് സൈനിക നടപടിയിലൂടെ ഇന്ത്യ തക്ക മറുപടി നൽകിയതായി അമിത് ഷാ പറഞ്ഞു. ഇന്ത്യക്കും ജനങ്ങൾക്കും നേരെ ഉണ്ടാകുന്ന ആക്രമണത്തിന് അതേ നാണയത്തിൽ തിരിച്ചടി നൽകുമെന്നും ഭീകര പ്രവർത്തനത്തെ വേരോടെ പിഴുതു കളയുമെന്നും അമിത് ഷാ എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

ഭീകരവാദത്തോട് ഒട്ടും സഹിഷ്ണുത കാണിക്കരുതെന്ന വിദേശ കാര്യമന്ത്രി ഡോ. എസ് ജയശങ്കർ പറഞ്ഞു. പഹൽഗാം ആക്രമണത്തിന് തിരിച്ചടിയായി ഇന്ത്യൻ സായുധ സേന പാക് അധിന കശ്മീരിലും പാകിസ്ഥാനിലും സ്ഥിതി ചെയ്യുന്ന ഭീകര കേന്ദ്രങ്ങൾക്ക് നേരെ നടത്തിയ ഓപ്പറേഷൻ സിന്ദൂറിന് ശേഷം സാമൂഹിക മാധ്യമത്തിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ഭീകരവാദത്തെ വേരോടെ പിഴുതെറിയാൻ ഇന്ത്യ ദൃഢനിശ്ചയമെടുത്തിരിക്കുകയാണെന്നും രാജ്യത്തിന് അതിന് കഴിയുമെന്നും BJP ദേശീയ അധ്യക്ഷൻ J.P നദ്ദ പറഞ്ഞു. ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യ നൽകിയ തിരിച്ചടിയെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവും അഭിനന്ദിച്ചു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിന് തിരിച്ചടിയായി ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂർ സർജ്ജിക്കൽ സ്ട്രൈക്കിനെ പ്രതിപക്ഷം സ്വാഗതം ചെയ്തു. സൈന്യത്തിന് നിരുപാധിക പിന്തുണ നൽകുന്നതായി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഇന്ത്യൻ സൈന്യത്തിന്റെ കഴിവിൽ അഭിമാനമുണ്ടെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും സാമുഹ്യമാധ്യമത്തിൽ അഭിപ്രായപ്പെട്ടു.

മുതിർന്ന കോൺഗ്രസ് നേതാവ് ജയറാം രമേശും സർജ്ജിക്കൽ സ്ട്രൈക്കിനെ സ്വാഗതം ചെയ്തു. തീവ്രവദാത്തിന് എതിരായ ശക്തമായ മറുപടിയാണിതെന്നും എല്ലാവരും ഒറ്റക്കെട്ടായി നിൽക്കേണ്ട സമയമാണിതെന്നും ജയറാം രമേശ് പറഞ്ഞു.

രാജ്യത്തെ ഓർത്ത് അഭിമാനിക്കുന്നതായി ഡോ. ശശിതരൂർ എംപിയും സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഓപ്പറേഷൻ സിന്ദൂറിൽ ലോക മനസാക്ഷി ഇന്ത്യക്കൊപ്പമാണെന്ന് മുൻ രാജ്യരക്ഷാമന്ത്രിയും കോൺഗ്രസ് നേതാവുമായ AK ആന്റണി പറഞ്ഞു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യക്ക് എല്ലാ രാജ്യങ്ങളുടെ പിന്തുണയുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഇന്ത്യൻ സേന ഏത് ത്യാഗം സഹിച്ചും അവരെ ഏൽപ്പിച്ച ചുമതല നിർവഹിക്കുമെന്നും ആന്റണി പറഞ്ഞു. ഇന്ത്യ ഒറ്റക്കെട്ടായി നിൽക്കേണ്ട സമയമാണിതെന്നും ആന്റണി വ്യക്തമാക്കി.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിൽ ഇന്ത്യൻ സൈന്യത്തിന്റെ തിരിച്ചടിയിൽ അഭിവാദ്യം ചെയ്യുന്നുവെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. രാജ്യത്തിന്റെ സുരക്ഷതിത്വത്തിനും പരമാധികാരത്തിനും നേരെയാണ് പാക്കിസ്ഥാൻ വെല്ലുവിളി ഉയർത്തിയത്. ദേശസ്നേഹികളെല്ലാവരും ഇന്ത്യൻ സേനയോടൊപ്പം നിൽക്കുമെന്നും പ്രതിപക്ഷ നേതാവ് തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

ഓപ്പറേഷൻ സിന്ദൂർ വിജയകരമാക്കിയ സൈനികരെ നന്ദി അറിയിക്കുന്നതായി BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അറിയിച്ചു. പഹൽഗാം ഭീകരാക്രമണത്തിൽ മരിച്ചവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഇതോടെ നീതി ലഭിച്ചെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇത് പുതിയ ഇന്ത്യയാണെന്നും

വെല്ലുവിളികളും ഭീഷണകളും നേരിടാൻ ഇന്നത്തെ ഇന്ത്യക്ക് കഴിവുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഓപ്പറേഷൻ സിന്ദൂറിലൂടെ എല്ലാവർക്കും അത് നേരിട്ട് ബോധ്യമായെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

ഇന്ത്യയും പാകിസ്ഥാനും നിയന്ത്രണം പാലിക്കുകയും സംഘർഷം ഒഴിവാക്കുകയും വേണമെന്ന് UAE ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ഷെയ്ഖ് അബ്ദുള്ളാ ബിൻ സയേദ് അൽ നഹിയാൻ ആഹ്വാനം ചെയ്തു. സംഭാണഷത്തിലൂടെയും പരസ്പര ധാരണയിലൂടെയും സംഘർഷം ഇല്ലാതാക്കണമെന്ന് അദ്ദേഹം നിർദേശിച്ചു.

✪✪✪

ഭീകരതയ്ക്കെതിരെ ഇന്ത്യൻ സേന നടത്തിയ ഓപ്പറേഷൻ സിന്ദൂർ സർജ്ജിക്കൽ സ്ട്രൈക്കിനെ ഇസ്രായേൽ അഭിനന്ദിച്ചു. ഇന്ത്യയുടെ സ്വയരക്ഷാവകാശത്തെ പിന്തുണയക്കുന്നതായി ഇന്ത്യയിലെ ഇസ്രായേൽ സ്ഥാനപതി റുവേൻ അസർ സാമൂഹ്യമാധ്യമക്കുറിപ്പിൽ അറിയിച്ചു.

✪✪✪

പാകിസ്ഥാന്റെ ഭീകരാക്രമണത്തിന് ഇന്ത്യനൽകിയ തിരിച്ചടിയെ പഹൽഗാം ആക്രമണത്തിൽ മരിച്ച കൊച്ചി സ്വദേശി രാമചന്ദ്രന്റെ മകൾ ആരതി സ്വാഗതം ചെയ്തു. പിതാവിന്റെ മരണം മൂലമൂണ്ടായ നഷ്ടം പരിഹരിക്കാൻ കഴിയില്ലെങ്കിലും ഇന്ത്യൻ സേനയുടെ നടപടിയിൽ സന്തോഷിക്കുന്നതായി അവർ കൊച്ചിയിൽ പറഞ്ഞു. ഇന്ത്യയുടെ തിരിച്ചടി ശരിയായ സമയത്തായിരുന്നുവെന്നും എല്ലാവരും ഇത്തരമൊരു നടപടി പ്രതീക്ഷിക്കുക യായിരുന്നുവെന്നും ആരതി പറഞ്ഞു.

✪✪✪

പാകിസ്ഥാനിലെ കർത്താർപൂർ സാഹിബ് ഗുരുദ്വാരയിലേക്ക് തീർത്ഥാടകർക്കായി തുറന്ന കർത്താർപൂർ ഇടനാഴി ഇന്നത്തേക്ക് അടച്ചു. ഔദ്യോഗിക തീരുമാനത്തിന് ശേഷമായിരിക്കും ഇടനാഴി തുറക്കുന്ന കാര്യത്തിൽ തുടർ തീരുമാനം ഉണ്ടാവുക.

✪✪✪

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശ പ്രകാരം രാജ്യത്ത് ഇന്ന് സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ സംഘടിപ്പിക്കും. വ്യോമാക്രമണ മുന്നറിയിപ്പ് സംവിധാനം, വ്യോമസേനയുമായി റേഡിയോ കമ്യൂണിക്കേഷൻ, കൺട്രോൾ റൂമുകളുടെ പ്രവർത്തനം എന്നിവ മോക്ക് ഡ്രില്ലിലൂടെ വിലയിരുത്തും.

സംസ്ഥാനത്തെ പതിനാല് ജില്ലകളിലും വൈകിട്ട് നാലിനാണ് മോക്ഡ്രിൽ. മോക് ഡ്രില്ലിന്റെ ശരിയായ നടത്തിപ്പ് ഉറപ്പാക്കാൻ ജില്ലാ കലക്ടർമാർക്കും മുതിർന്ന ഉദ്യോഗസ്ഥർക്കും ചീഫ് സെക്രട്ടറി ഡോ. A ജയതിലക് നിർദേശം നൽകി. പൊതുജനങ്ങളും സ്ഥാപനങ്ങളും സംഘടനകളും സഹകരിക്കണമെന്നും ജാഗ്രത പാലിക്കണമെന്നും ചീഫ് സെക്രട്ടറി അറിയിച്ചു.

✪✪✪

14 ജില്ലകളിലും 'സ്പർശ്' സേവനകേന്ദ്രങ്ങൾ വരുന്നതോടെ കേരളം സമ്പൂർണ സ്പർശ് സേവന സംസ്ഥാനമായി മാറുമെന്ന് ചെന്നൈയിലെ കൺട്രോളർ ഓഫ് ഡിഫൻസ് അക്കൗണ്ട്സ് T ജയശീലൻ പറഞ്ഞു.

വിമുക്തഭടന്മാരുടെയും കുടുംബങ്ങളുടെയും പെൻഷൻ പരാതികൾ പരിഹരിക്കുന്ന 'സ്പർശ്' സേവനകേന്ദ്രത്തിന്റെ പന്ത്രണ്ടാം ഓഫീസ് കോഴിക്കോട് വെസ്റ്റ് ഹിൽ വിമുക്തഭട ഭവനിൽ അദ്ദേഹം ഉദ്ഘാടനം ചെയ്തു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം.

✪✪✪

പകൽപൂരത്തോടെ തൃശൂർ പൂരം ഇന്ന് സമാപിക്കും. വാദ്യഘോഷങ്ങളുടെയും വർണാഭമായ കുടമാറ്റത്തിന്റെയും വിസ്മയം വിരിയിച്ച തൃശൂർപൂരത്തിൽ പുലർച്ചെ പ്രൗഢഗംഭീരമായ വെടിക്കെട്ടും നടന്നു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*